# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3925 — 24.08.2017-ൽ മറുപടിയ്ക്ക്

## സാംസ്കാരികവകുപ്പിനു കീഴിലെ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.ടി.എ. റഹീം : | **ശ്രീ. എ. കെ. ബാലൻ<br>പട്ടികജാതി പട്ടികവർഗ്ഗ<br>പിന്നോക്കസമുദായക്ഷേമവും നിയമവും<br>സാംസ്കാരികവും പാർലമെന്ററികാര്യവും<br>വകുപ്പുമന്ത്രി** |
| എ) സാംസ്കാരിക വകുപ്പിന് കീഴിൽ ഏതെല്ലാം സ്ഥാപനങ്ങളാണുള്ളത്; ഇവയുടെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | എ) സാംസ്കാരിക വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളും അവയുടെ പ്രവർത്തനങ്ങളും സംബന്ധിച്ച കുറിപ്പ് അനുബന്ധമായി ചേർക്കുന്നു. |
| ബി) ഗ്രാമപഞ്ചായത്ത് തലത്തിൽ സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ധനസഹായം നൽകുന്നതിന് നിലവിൽ പദ്ധതികളുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ബി) ഗ്രാമപഞ്ചായത്ത് തലത്തിൽ സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ധനസഹായം നൽകുന്നതിനുള്ള പദ്ധതികൾ നിലവിൽ സാംസ്കാരികകാര്യ വകുപ്പിലില്ല. |
| സി) പ്രാദേശികമായി അന്യം നിന്നു പോവുന്ന കലാരൂപങ്ങളെ അവതരിപ്പിക്കാനും പ്രോത്സാഹിപ്പിക്കാനും നേതൃത്വം നൽകുന്ന ക്ലബ്ബുകൾക്ക് ഗ്രാന്റ് നൽകാൻ പദ്ധതിയുണ്ടോ; എങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ? | സി) പ്രാദേശികമായി അന്യം നിന്നുപോവുന്ന കലാരൂപങ്ങളെ അവതരിപ്പിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും നേതൃത്വം നൽകുന്ന ക്ലബ്ബുകൾക്ക് ഗ്രാന്റ് നൽകാൻ നിലവിൽ പദ്ധതികളില്ല. ഫോക് ലോർ അക്കാദമി മുഖേന ഏർപ്പെടുത്തുന്ന സംഘങ്ങൾക്ക് അക്കാദമി നേരിട്ട് പ്രതിഫലം നൽകുന്ന രീതി തുടർന്ന് വരുന്നുണ്ട്. സർക്കാരിൽ നേരിട്ട് സമീപിക്കുന്ന സംഘങ്ങൾക്ക് പ്രവർത്തനം പരിശോധിച്ച് അനാവർത്തന ഗ്രാന്റ് അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

ഉന്നത വിദ്യാഭ്യാസം ലക്ഷ്യം വച്ചുകൊണ്ട് വൈജ്ഞാനിക സാഹിത്യത്തിൽ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്ന സ്ഥാപനമാണ് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

### കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്

വിജ്ഞാന കോശങ്ങളും സമാനതരത്തിലുള്ള മറ്റ് റഫറൻസ് പുസ്തകങ്ങളും മലയാള ഭാഷയിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള സ്ഥാപനമാണ് സംസ്ഥാന സർവ്വവിജ്ഞാനകോശ പ്രസിദ്ധീകരണ ഇൻസ്റ്റിറ്റ്യൂട്ട്. പൊതു വിജ്ഞാനകോശത്തിന്റെ 16 വാല്യങ്ങളും വിശ്വസാഹിത്യ വിജ്ഞാനകോശത്തിന്റെ 10 വാല്യങ്ങളും ഇൻസ്റ്റിറ്റ്യൂട്ട് ഇതുവരെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജനങ്ങളിൽ വിജ്ഞാനപ്രദമായ അറിവ് വിതക്കുന്ന സ്ഥാപനമായ സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന പ്രവർത്തനം സർവ്വവിജ്ഞാനകോശത്തിന്റെ പ്രസിദ്ധീകരണമാണ്.

### കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ബാലസാഹിത്യത്തിനുള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും അവയുടെ സ്വീകാര്യത വർദ്ധിപ്പിച്ച് ജനപ്രിയമാക്കുകയും ചെയ്യുന്നു. കുട്ടികളിലെ വായനാശീലവും, സർഗാത്മകതയും വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പരിപാടികൾ, സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റെടുത്തു നടത്തുന്നു. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുന്നതിനായി ഇന്ത്യയിലെയും വിദേശത്തെയും ക്ലാസിക് കൃതികൾ പ്രസിദ്ധീകരിക്കുകയും അങ്ങനെ സാമൂഹിക ബോധമുള്ള പൗരന്മാരായി കുട്ടികളെ വാർത്തെടുക്കുകയും ചെയ്തുവരുന്ന സ്ഥാപനമാണ്.

### കേരള സ്റ്റേറ്റ് ബുക്ക്മാർക്ക്

കേരള സർക്കാർ സ്ഥാപനങ്ങളായ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, സാഹിത്യ അക്കാദമി, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയവ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ വിറ്റഴിക്കുന്നതിനുവേണ്ടിയാണ് ബുക്ക്മാർക്ക് രൂപീകരിച്ചത്. സർക്കാർ സ്വകാര്യ പ്രസാധകരുടെ ഈടുറ്റ പുസ്തകങ്ങൾ ഇപ്പോൾ ബുക്ക്മാർക്കിൽ ലഭിക്കും. ജനങ്ങളുടെ വായനാശീലം വളർത്തുന്നതിനുതകുന്ന പ്രവർത്തനങ്ങളും സൊസൈറ്റി ഏറ്റെടുത്തു നടത്തുന്നു.

### മലയാളം മിഷൻ

മറുനാടൻ മലയാളികളുടെ കുട്ടികൾക്ക് മലയാള ഭാഷ പഠിക്കുന്നതിനും കേരള സംസ്കാരം പരിചയിക്കുന്നതിനുമായി സ്ഥാപിക്കപ്പെട്ടിട്ടുള്ള ഒരു സാംസ്കാരിക സ്ഥാപനമാണ് മലയാളം മിഷൻ. ലോകമെമ്പാടുമുള്ള പ്രവാസി മലയാളികളുടെ സഹകരണത്തോടെ ഭാരതത്തിലെയും വിദേശത്തെയും വിവിധ സ്ഥലങ്ങളിൽ മലയാള ഭാഷാ പഠനകേന്ദ്രങ്ങൾ സ്ഥാപിക്കുകയും മേൽനോട്ടം വഹിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്നത് മലയാളം മിഷന്റെ പ്രധാനപ്പെട്ട ഉദ്ദേശ്യ ലക്ഷ്യങ്ങളിലൊന്നാണ്.

### കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ

കലാമൂല്യമുള്ള സിനിമകളുടെ നിർമ്മാണത്തിനും പ്രോത്സാഹനത്തിനും വേണ്ടി 1975 ൽ സ്ഥാപിക്കപ്പെട്ട ഒരു സ്ഥാപനമാണ് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ. തീയേറ്ററുകളുടെയും സ്റ്റുഡിയോകളുടെയും വികസനവും സിനിമാ സാങ്കേതിക സൗകര്യങ്ങൾ ലഭ്യമാക്കലുമാണ് കോർപ്പറേഷന്റെ മുഖ്യ പ്രവർത്തനങ്ങൾ.

## കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി

മലയാള ചലച്ചിത്ര-ടെലിവിഷൻ മാധ്യമങ്ങളുടെ വളർച്ചക്കും വികസന പ്രവർത്തനങ്ങൾക്കു മായി നിലകൊള്ളുന്ന ഒരു സ്ഥാപനമാണ് ചലച്ചിത്ര അക്കാദമി. ചലച്ചിത്ര ടെലിവിഷൻ സംബന്ധമായ നയരൂപീകരണത്തിന് സർക്കാരിനെ സഹായിക്കുക, ഫിലിം ഫെസ്റ്റിവൽ ഡയറക്ടറേറ്റ് രൂപീകരിക്കുക, ചലച്ചിത്ര വീഡിയോ ആർക്കൈവ്സ് രൂപീകരിക്കുകയും ദൃശ്യശ്രാവ്യ ഗ്രന്ഥാലയം സ്ഥാപിക്കുകയും ചെയ്യുക, ദേശീയ-അന്തർദേശീയ ചലച്ചിത്ര മേളകൾ സംഘടിപ്പിക്കുക, സംസ്ഥാന ചലച്ചിത്ര, ടെലിവിഷൻ അവാർഡുകളുടെ നിർണ്ണയം, വിതരണം എന്നിവ ഉറപ്പാക്കുക തുടങ്ങിയവയാണ് ചലച്ചിത്ര അക്കാദമിയുടെ പ്രധാന പ്രവർത്തനങ്ങൾ.

## കേരള സാഹിത്യ അക്കാദമി

മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും സമഗ്രമായ പുരോഗതിക്കു വേണ്ടി എഴുത്തുകാരുടെ ഇടയിൽ സഹകരണം വ്യാപിപ്പിക്കുക, പ്രധാനപ്പെട്ട സാഹിത്യരചനകൾ മറ്റു ഭാഷകളിൽനിന്ന് മലയാളത്തിലേക്കും മലയാളത്തിൽ നിന്ന് മറ്റു ഭാഷകളിലേക്കും പരിഭാഷപ്പെടുത്തുക, സാഹിത്യസമ്മേളനങ്ങൾ, സെമിനാറുകൾ, പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കുകയോ, സംഘാടനത്തിനു സൗകര്യം ഒരുക്കുകയോ ചെയ്യുക, ഉത്തമ സാഹിത്യരചനകൾക്ക് അവാർഡ് നൽകുക, മലയാള ഭാഷയ്ക്കും സാഹിത്യത്തിനും മുതൽക്കൂട്ടാകുന്ന ഗവേഷണത്തെ പ്രോത്സാഹിപ്പിക്കുക, രേഖകൾ/ഡോക്യുമെന്റുകൾ സൂക്ഷിക്കുക തുടങ്ങിയ ഉദ്ദേശത്തോടുകൂടി പ്രവർത്തിച്ചുവരുന്ന ഒരു സ്ഥാപനമാണ് കേരള സാഹിത്യ അക്കാദമി.

## കേരള ലളിതകലാ അക്കാദമി

ദൃശ്യകലയെ പ്രോത്സാഹിപ്പിക്കുക, ചിത്ര-ശില്പകലാ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് പഠന ഗവേഷണ സൗകര്യങ്ങൾ ഒരുക്കുക, സംസ്ഥാനത്തെ കലാകാരന്മാരുടെയും കലാസ്ഥാപനങ്ങളുടെയും കൂട്ടായ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക, ചിത്രകല, ശില്പകല, കാർട്ടൂൺ, ഫോട്ടോഗ്രാഫി കലാകാരന്മാർക്ക് പ്രോത്സാഹനം നൽകുന്നതിനായി ക്യാമ്പുകൾ, വർക്ക്ഷോപ്പുകൾ, എക്സിബിഷനുകൾ, സെമിനാറുകൾ, ചർച്ചകൾ എന്നിവ സംഘടിപ്പിക്കുക, ചിത്ര-ശില്പ കലാരംഗവുമായി ബന്ധപ്പെട്ട പുസ്തകങ്ങളുടെ പ്രസിദ്ധീകരണം, ഈ കലകളെ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ ആർട്ട് ഗ്യാലറികൾ ആരംഭിക്കൽ, കലാകാരന്മാർക്ക് ഉതകുംവിധം ലൈബ്രറി സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, പ്രഗത്ഭരായ കലാകാരന്മാർക്കും കലാകാരികൾക്കും അവരുടെ പ്രാഗത്ഭ്യത്തിനൊത്ത് അവാർഡുകളും അംഗീകാരങ്ങളും നൽകുക തുടങ്ങിയവ കേരള ലളിതകലാ അക്കാദമിയുടെ പരമ പ്രധാനമായ ലക്ഷ്യങ്ങളാണ്.

## കേരള ഫോക് ലോർ അക്കാദമി

അന്യം നിന്നുപോകുന്ന നാടൻ കലകളുടെ സംരക്ഷണം, പ്രസാരണം, അവ ജനങ്ങളിലേയ്ക്ക് എത്തിക്കാൻ ഉതകുമാറുള്ള കലാവതരണങ്ങൾ, പഠനം അവയുടെ ഗവേഷണം, നശിച്ചുകൊണ്ടിരിക്കുന്ന കലകളെയും അവയുടെ സാഹിത്യത്തെയും സീഡികളിലാക്കി സൂക്ഷിക്കൽ, അവയുടെ രൂപങ്ങളെയും കരവിരുതുകൾ, പാത്രങ്ങൾ തുടങ്ങിയവയും

മ്യൂസിയത്തിൽ സൂക്ഷിക്കൽ, കലാകാരന്മാരുടെ ക്ഷേമപ്രവർത്തനങ്ങൾ തുടങ്ങിയവ ഫോക് ലോർ അക്കാദമിയുടെ പ്രധാന പ്രവർത്തനങ്ങളാണ്.

**കേരള സംഗീത നാടക അക്കാദമി**

കേരളീയ കലാ പാരമ്പര്യത്തെ സംരക്ഷിക്കുകയും അതിനെ സമ്പുഷ്ടമാക്കി മുന്നോട്ട് നയിക്കുകയും അതുവഴി കേരളീയ കലാ പൈതൃകത്തെ ജനങ്ങളിലേയ്ക്ക് എത്തിക്കുകയും ചെയ്യുക എന്നതാണ് അക്കാദമിയുടെ ലക്ഷ്യം സംഗീതം, നൃത്തം, നാടകം, ശാസ്ത്രീയ കലകൾ, ക്ഷേത്രകലകൾ, വാദ്യകലകൾ പാരമ്പര്യകലകൾ, മാജിക്, കഥാപ്രസംഗം എന്നിങ്ങനെയുള്ള കലാരൂപങ്ങളെ പരിപോഷിപ്പിക്കുകയും കലാ സംബന്ധിയായ ഫെസ്റ്റിവലുകൾ, ശില്പശാലകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്യുന്നത്. അക്കാദമിയുടെ ചുമതലകളിൽ പെടുന്നു. മാത്രവുമല്ല പ്രസ്തുത കലാ രംഗത്ത് പ്രവർത്തിക്കുന്ന പ്രതിഭകളെ പുരസ്കാരങ്ങൾ നൽകി ആദരിക്കുകയും ചെയ്തു വരുന്നു.

**ജവഹർ ബാലഭവനുകൾ**

സാംസ്കാരിക വകുപ്പിന് കീഴിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ എന്നിവിടങ്ങളിൽ ജവഹർ ബാലഭവനുകൾ പ്രവർത്തിച്ചു വരുന്നു. കുട്ടികളിൽ കലാ സാഹിത്യ അഭിരുചിയും ക്രിയാത്മക കഴിവുകളും മറ്റും വളർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി നിലകൊള്ളുന്ന സ്ഥാപനമാണ് ജവഹർ ബാലഭവനുകൾ.

**ശ്രീനാരായണ സ്റ്റഡി സെന്റർ, ചെമ്പഴന്തി**

ശ്രീനാരായണ ഗുരുവിന്റെ ആശയങ്ങളും മഹത് വചനങ്ങളും വളർത്തുന്നതിനായും പ്രചരിപ്പിക്കുന്നതിനായും വേണ്ടി സ്ഥാപിക്കപ്പെട്ട ഒരു സ്ഥാപനമാണ്. ഇവിടെ ശ്രീനാരായണ ഗുരുവിന്റെ ആശയങ്ങളെ സംബന്ധിച്ച ഗവേഷണങ്ങളും പഠനങ്ങളും പ്രസിദ്ധീകരണങ്ങളും നടപ്പിലാക്കി വരുന്നു.

**വാസ്തു വിദ്യ ഗുരുകുലം**

കേരളത്തിന്റെ പാരമ്പര്യ വാസ്തുവിദ്യകളും ചുമർ ചിത്രങ്ങളും പരിപോഷിപ്പിക്കുന്നതിനുള്ള ഒരു സ്ഥാപനമാണ് ആറന്മുളയിലെ വാസ്തുവിദ്യാ ഗുരുകുലം. പാരമ്പര്യ വാസ്തു ശാസ്ത്രത്തെ സംരക്ഷിക്കുന്നതിനും വളർത്തുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ ഈ സ്ഥാപനം ഏറ്റെടുത്തു നടത്തുന്നു.

**വൈലോപ്പിള്ളി സംസ്കൃതി ഭവൻ**

സാംസ്കാരിക പ്രബുദ്ധതയാർന്നതും ജാതിമത ചിന്തകൾക്കതീതമായതുമായ ഒരു നവ സമൂഹനിർമ്മിതിയ്ക്കും നിലനില്പിനും പ്രയോജന പ്രദമാകും വിധം കലാസാഹിത്യ സാംസ്കാരിക ഇടപെടൽ നടത്തുന്നതിനും യുവജനങ്ങളായവരും വളർന്നുവരുന്നവരുമായ കലാപ്രതിഭകൾക്ക് അവസരം നൽകുന്നതിനുമായി ലക്ഷ്യം വയ്ക്കുന്ന ഒരു സ്ഥാപനമാണ്.

വൈലോപ്പിള്ളി സംസ്കൃതിഭവൻ സംസ്ഥാനത്തിന്റെ ഒട്ടാകെയുള്ള കലാസാംസ്കാരിക സാഹിത്യ രംഗത്തെ പ്രതിഭകളുടെ സംഗമ വേദിയാക്കുന്നതിന് വേണ്ടിയാണ് രൂപം കൊടുത്തിട്ടുള്ളത്.

**ഗുരുഗോപിനാഥ് നടനഗ്രാമം**

ഇന്ത്യൻ നൃത്തരൂപങ്ങളുടെ ഒരു പഠന, പരിശീലന ഗവേഷണ കേന്ദ്രമായാണ് ഗുരുഗോപിനാഥ് നടനഗ്രാമം സ്ഥാപിതമായത്. ഗുരുഗോപിനാഥ് ആവിഷ്കരിച്ച 'കേരളനടനം'

എന്ന നൃത്തരൂപത്തിന്റെ പ്രചാരണവും പരിപോഷണവും, പുതിയ തലമുറയ്ക്ക് നൃത്തസംഗീത വാദ്യകലകളിൽ പരിശീലനം നൽകുക, ഇന്ത്യൻ നൃത്തരൂപങ്ങളുടെ വൈവിധ്യവിശേഷങ്ങൾ ഉൾക്കൊള്ളുന്ന നൃത്തമ്യൂസിയം ഒരുക്കുക എന്നിവയാണ് സ്ഥാപിത ലക്ഷ്യങ്ങൾ.

**മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി**

പരമ്പരാഗതമായ മാപ്പിള കലകളെയും സംസ്കാരത്തെയും പ്രോത്സാഹിപ്പിക്കുക, മലബാറിന്റെ സാംസ്കാരിക സവിശേഷതകളെ പ്രദർശിപ്പിക്കുന്നതിന് മ്യൂസിയം സ്ഥാപിക്കുക, കേരളത്തിലെ മാപ്പിള കലകളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി പുസ്തകങ്ങളും ആനുകാലികങ്ങളും പ്രസിദ്ധീകരിക്കുക, കേരളത്തിലെ നാടോടി - മാപ്പിള കലകളുടെ വിവിധ വശങ്ങളെക്കുറിച്ച് ചർച്ചചെയ്യുന്നതിന് സെമിനാറുകളും ശില്പശാലകളും സംഘടിപ്പിക്കുക, അപൂർവ്വമായ ആധുനികവും പൗരാണികവുമായ അറബി-മലയാളം ഗ്രന്ഥങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഗവേഷണ ഗ്രന്ഥാലയം സ്ഥാപിക്കുക, വിദ്യാർത്ഥികൾക്കും യുവാക്കൾക്കും മാപ്പിളകലാരൂപങ്ങൾ അഭ്യസിപ്പിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനും കേന്ദ്രങ്ങൾ ആരംഭിക്കുക.

**ഭാരത് ഭവൻ**

കേരളത്തിന്റെ പൈതൃകം, കല, ചരിത്രം, സംസ്കാരം തുടങ്ങിയവ മറ്റ് സംസ്ഥാനങ്ങൾക്ക് പരിചയപ്പെടുത്തുക, കേരളത്തിലെ കലാസാംസ്കാരിക പ്രവർത്തന മേഖലകളെ സജീവമാക്കുക, ഭാരതത്തിലെ ഇതര സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലെത്തിയവരുടെ സാംസ്കാരിക കലാ ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, എന്നീ ലക്ഷ്യത്തോടെ സാംസ്കാരികകാര്യ വകുപ്പിൻകീഴിൽ പ്രവർത്തിക്കുന്ന സാംസ്കാരിക വിനിമയ കേന്ദ്രമാണ് ഭാരത് ഭവൻ.

സർക്കാരിന്റെ പ്രധാന പരിപാടികളുടെ നിർവ്വഹണ ഏജൻസിയായും ഭാരത് ഭവൻ പ്രവർത്തിക്കുന്നു.

**പൈതൃക പഠന കേന്ദ്രം**

പുരാവസ്തു ശാസ്ത്രം, പുരാരേഖാ പഠനങ്ങൾ, പുരാവസ്തു സംരക്ഷണം, മ്യൂസിയോളജി എന്നീ വിഷയങ്ങളിൽ ഉപരിപഠനങ്ങൾക്കായുള്ള ഒരു സമ്പൂർണ്ണ ഗവേഷണ കേന്ദ്രമാക്കുക എന്ന ഉദ്ദേശ്യത്തോടെ 2000-ാമാണ്ടിൽ സ്ഥാപിതമായതാണ് ഈ കേന്ദ്രം.

**കൊങ്കിണി സാഹിത്യ അക്കാദമി, ഉറുദു അക്കാദമി, തുളു അക്കാദമി**

കേരളത്തിലെ ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങളുടെ ഗണത്തിൽ വരുന്ന കൊങ്കിണി, തുളു, ഉറുദു എന്നീ ഭാഷകളുടെയും ആ ഭാഷയിലെ സാഹിത്യത്തിന്റെയും വളർച്ചയ്ക്കും പുരോഗതിക്കും വേണ്ടി നിലകൊള്ളുന്ന സ്ഥാപനങ്ങളാണ് കൊങ്കിണി സാഹിത്യ അക്കാദമി, ഉറുദു അക്കാദമി, തുളു അക്കാദമി എന്നിവ.

**കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ**

സമഗ്രവികസന പദ്ധതിയിൽ അധിഷ്ഠിതമായി ദേശീയ സാംസ്കാരിക സ്ഥാപനം എന്ന നിലയിൽ ആശാൻ സ്മാരകം വിവിധ സാംസ്കാരിക പരിപാടികൾ വിവിധ ഘട്ടങ്ങളായി സംഘടിപ്പിച്ചു വരുന്നു. സുവർണ്ണ ജൂബിലി ആഘോഷവും സാംസ്കാരികോത്സവവും കുമാരനാശാനെ സംബന്ധിക്കുന്ന ഡോക്യുമെന്ററി നിർമ്മാണവും പ്രദർശനവും, ആശാൻ കൃതികളുമായി ബന്ധപ്പെട്ട വിജ്ഞാനകോശം തയ്യാറാക്കൽ, ഗ്രന്ഥസൂചി തയ്യാറാക്കൽ, തുടർ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

**കേരള കലാമണ്ഡലം**

കേരളത്തിലെ പാരമ്പര്യ കലാകളായ കഥകളി, മോഹിനിയാട്ടം, കൂടിയാട്ടം, തുള്ളൽ എന്നിവയുടേയും അവയുടെ സംഗീത വാദ്യ ഉപകരണങ്ങളുടെ സംരക്ഷണത്തിനും ഉന്നതിക്കുംവേണ്ടി 1930 ൽ മഹാകവി വള്ളത്തോൾ നാരായണമേനോൻ സ്ഥാപിച്ചതാണ് കലാമണ്ഡലം.

**കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്**

സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന കലാകാരന്മാരുടെ ക്ഷേമത്തിന് വേണ്ടി നിലകൊള്ളുന്ന ഒരു സ്ഥാപനമാണ് സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്. സാംസ്കാരിക രംഗത്ത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കലാകാരന്മാർക്ക് ക്ഷേമനിധിയിലൂടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകിവരുന്നുണ്ട്.

Sindhu
സെക്ഷൻ ഓഫീസർ